ENTRI

# CIVIL EXCISE OFFICER

# ANSWER KEY

**17 MAY 2025**



1. 'ബോസ്റ്റൺ ടീ പാർട്ടി' ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) ഫ്രഞ്ചു വിപ്ലവം
B) അമേരിക്കൻ സ്വാതന്ത്ര്യസമരം
C) റഷ്യൻ വിപ്ലവം
D) രക്തരഹിത വിപ്ലവം

2. 'ആധുനിക ഫ്രാൻസിലെ ജസ്റ്റീനിയൻ' എന്നു വിശേഷിപ്പിക്കുന്ന ചക്രവർത്തി ആര് ?

A) ലൂയി XIV
B) ലൂയി XV
C) നെപ്പോളിയൻ
D) ലൂയി XVI

3. ലാഹോർ സമ്മേളനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രസ്താവനകളിൽ തെറ്റായത് ഏതെല്ലാം ?

1. ലാഹോർ സമ്മേളനം കോൺഗ്രസിന്റെ ലക്ഷ്യം 'പൂർണ സ്വരാജാണെന്ന്' പ്രഖ്യാപിച്ചു.
2. 1927-ലെ ലാഹോർ സമ്മേളനത്തിൽ ജവഹർലാൽ നെഹ്റു അധ്യക്ഷത വഹിച്ചു.
3. 1932 ജനുവരി 26 ഇന്ത്യൻ സ്വാതന്ത്ര്യദിനമായി ആഘോഷിക്കാൻ തീരുമാനിച്ചു.
4. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഒരു സിവിൽ നിയമ ലംഘന പ്രസ്ഥാനം ആരംഭിക്കാൻ തീരുമാനിച്ചു.

A) 2, 4
B) 2, 3
C) 3, 4
D) 1, 3, 4

4. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട നേതാക്കൻമാരുടെയും അവർ സമരം നയിച്ച സ്ഥലങ്ങളും നല്കിയിരിക്കുന്നു. ഇവയെ ശരിയായ രീതിയിൽ ക്രമീകരിക്കുക.

| | |
|---|---|
| 1. ബഹദൂർഷാ II | a. ഫൈസാബാദ് |
| 2. ഷാമാൽ | b. ലക്നൗ |
| 3. മൗലവി അഹമ്മദുള്ള | c. ഡൽഹി |
| 4. ബീഗം ഹസ്രത്ത് മഹൽ | d. ബരാട്ട് |

A) 1 – c, 2 – d, 3 – b, 4 – a
B) 1 – d, 2 – c, 3 – a, 4 – b
C) 1 – b, 2 – c, 3 – d, 4 – a
D) 1 – c, 2 – d, 3 – a, 4 – b

5. തിരുവിതാംകൂറിൽ പണ്ടാരപാട്ട വിളംബരം പുറപ്പെടുവിച്ച വർഷമേത് ?

A) 1863 B) 1865 C) 1875 D) 1872

6. കേരളത്തിലെ ഇപ്പോഴത്തെ സാംസ്കാരിക വകുപ്പ് മന്ത്രി ആര് ?

A) റോഷി അഗസ്റ്റ്യൻ B) രാമചന്ദ്രൻ കടന്നപ്പള്ളി

C) സജി ചെറിയാൻ D) എം. എം. മണി

7. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ പരിശോധിക്കുക.

a. ഉപ്പുതടാകങ്ങൾ സാധാരണയായി കാണപ്പെടുന്നത് മരുഭൂമികളിലാണ്.

b. മരുഭൂമികളിൽ ബാഷ്പീകരണം വർഷണത്തേക്കാൾ കൂടുതൽ ആയിരിക്കും.

A) a യും b യും ശരിയായ പ്രസ്താവനകളാണ്. b എന്നത് a യുടെ ശരിയായ വിശദീകരണം ആണ്.

B) a യും b യും ശരിയായ പ്രസ്താവനകളാണ്. എന്നാൽ b എന്നത് a യുടെ ശരിയായ വിശദീകരണം അല്ല.

C) a ശരിയായ പ്രസ്താവനയാണ്. എന്നാൽ b തെറ്റായ പ്രസ്താവനയാണ്.

D) a തെറ്റായ പ്രസ്താവനയാണ്. എന്നാൽ b ശരിയായ പ്രസ്താവനയാണ്.

8. ഭൂമിയുടെ അകക്കാമ്പിലെ പ്രധാന ഘടകങ്ങൾ ഏതെല്ലാമാണ് ?

A) ഇരുമ്പ്, നിക്കൽ B) സിലിക്കൺ, അലൂമിനിയം

C) ഓക്സിജൻ, ഹൈഡ്രജൻ D) കാൽസ്യം, മഗ്നീഷ്യം

9. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന ഏതാണ് ?

i. ലാബ്രഡോർ അറ്റ്ലാന്റിക് സമുദ്രത്തിലെ ഒരു ശീത ജലപ്രവാഹമാണ്.

ii. അഗുൽഹാസ് ഇന്ത്യൻ മഹാസമുദ്രത്തിലെ ഒരു ശീത ജലപ്രവാഹമാണ്.

iii. ഗൾഫ്സ്ട്രീം പസഫിക് സമുദ്രത്തിലെ ഒരു ഉഷ്ണ ജലപ്രവാഹമാണ്.

iv. ഒയാഷിയോ പസഫിക് സമുദ്രത്തിലെ ഒരു ശീത ജലപ്രവാഹമാണ്.

A) Only i and iii B) Only ii and iii

C) Only i, iii and iv D) Only i, ii and iii

10. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി ഏത് ?

A) കക്കയം
B) ശബരിഗിരി
C) ഇടുക്കി
D) പള്ളിവാസൽ

11. ചേരുംപടി ചേർത്ത് ശരിയായ ഉത്തരം കോഡുകളിൽ നിന്നും കണ്ടെത്തുക.

| List – 1 | List – 2 |
|---|---|
| a. ദാമോദർ നദി | 1. ആസാമിന്റെ ദുഃഖം |
| b. ഗോദാവരി നദി | 2. ദക്ഷിണ ഗംഗ |
| c. കൊയ്ന നദി | 3. മഹാരാഷ്ട്രയുടെ ജീവനാഡി |
| d. ബ്രഹ്മപുത്ര നദി | 4. ഇന്ത്യയുടെ ചുവന്ന നദി |

Codes (കോഡുകൾ)

| | a | b | c | d |
|---|---|---|---|---|
| A) | 2 | 1 | 4 | 3 |
| B) | 1 | 2 | 3 | 4 |
| C) | 3 | 2 | 1 | 4 |
| D) | 4 | 3 | 2 | 1 |

12. താഴെ പറയുന്നവയിൽ ഏത് ധാതുവാണ് "ബ്രൗൺ ഡയമണ്ട് " എന്ന് അറിയപ്പെടുന്നത് ?

A) ഇരുമ്പ്
B) മൈക്ക
C) മാംഗനീസ്
D) ലിഗ്നൈറ്റ്

13. താഴെപ്പറയുന്നവയിൽ RBI യുമായി ബന്ധമില്ലാത്തത് ഏത് ?

A) വിദേശ നാണയത്തിന്റെ സൂക്ഷിപ്പുകാരൻ
B) ബാങ്കുകളുടെ ബാങ്ക്
C) സർക്കാരിന്റെ ബാങ്ക്
D) പാവപ്പെട്ടവന്റെ ബാങ്ക്

14. കാർഷിക മേഖലാ വികസനം, ചെറുകിട-കുടിൽ വ്യവസായങ്ങളുടെ വികസനം, കൈത്തൊഴിൽ വികസനം തുടങ്ങിയവ ലക്ഷ്യമാക്കി 1982-ൽ നിലവിൽ വന്ന സ്ഥാപനം

A) കുടുംബശ്രീ
B) സ്വയം സഹായ സംഘം
C) NABARD
D) ഗ്രാമീൺ ബാങ്ക്

15. 'സാമ്പത്തിക ചോർച്ചാ സിദ്ധാന്തം' ആദ്യമായി അവതരിപ്പിച്ച ഇന്ത്യക്കാരൻ

A) ഗോപാലകൃഷ്ണ ഗോഖലെ
B) ദാദാഭായ് നവറോജി
C) ജവഹർലാൽ നെഹ്റു
D) രമേഷ് ചന്ദ്രദത്ത്

16. താഴെപ്പറയുന്നവയിൽ നീതി ആയോഗിന്റെ ലക്ഷ്യമല്ലാത്തത്

A) ജൈവകൃഷിരീതി ഉപയോഗിച്ച് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുക
B) വ്യവസായ മേഖലയിലെ സർക്കാർ പങ്കാളിത്തം കുറയ്ക്കുക
C) മധ്യവർഗ്ഗത്തെ ഉപയോഗിച്ച് സുസ്ഥിരസാമ്പത്തിക വളർച്ച നേടുക
D) പ്രവാസി ഇന്ത്യക്കാരുടെ സേവനം സാമ്പത്തിക, സാങ്കേതിക വളർച്ചയ്ക്ക് ഉപയോഗിക്കുക

17. ഹോട്ടൽ, ബാങ്കിംഗ്, റിയൽ എസ്റ്റേറ്റ് എന്നിവ ഏതു മേഖലയിൽപ്പെടുന്നു ?

A) ത്രിതീയ മേഖല
B) പ്രാഥമിക മേഖല
C) ദ്വിതീയ മേഖല
D) ഇവയൊന്നുമല്ല

18. ഹിൽട്ടൺ-യങ് കമ്മീഷൻ താഴെപ്പറയുന്നവയിൽ എന്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ടതാണ് ?

A) SBI
B) RBI
C) NDC
D) ഇവയൊന്നുമല്ല

19. "നമ്മുടെ ഭരണഘടനാ നിർമ്മാണ സഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു".

ഇന്ത്യൻ ഭരണഘടനയുടെ ഏത് ഭാഗവുമായി ബന്ധപ്പെട്ട വാചകമാണ് മുകളിൽ തന്നിരിക്കുന്നത് ?

A) നിർദ്ദേശകതത്ത്വങ്ങൾ
B) മൗലികാവകാശങ്ങൾ
C) ആമുഖം
D) മൗലികകടമകൾ

A

20. താഴെ തന്നിരിക്കുന്നവയിൽ കൂട്ടത്തിൽ പെടാത്തത് കണ്ടെത്തുക.

A) സൈനികമോ വിദ്യാസംബന്ധമോ ആയ പ്രാഗല്ഭ്യത്തിനല്ലാതെ യാതൊരു സ്ഥാനപ്പേരും രാഷ്ട്രം നൽകുവാൻ പാടില്ല – വകുപ്പ് 18

B) പൗരൻമാർക്ക് ഏകരൂപമായ സിവിൽ നിയമസംഹിത നടപ്പിലാക്കുക – വകുപ്പ് 44

C) തൊട്ടുകൂടായ്മ നിർത്തലാക്കുകയും ഇതിന്റെ ഏത് രൂപത്തിലുള്ള ആചരണം വിലക്കുകയും ചെയ്തിരിക്കുന്നു – വകുപ്പ് 17

D) മനുഷ്യ കച്ചവടത്തിന്റെയും നിർബന്ധിച്ച് പണി ചെയ്യിക്കലിന്റെയും നിരോധനം – വകുപ്പ് 23

21. ചേരുംപടി ചേർക്കുക. ഇന്ത്യൻ ഭരണഘടനാ ഭേദഗതികൾ.

| A | | B | | C | |
|---|---|---|---|---|---|
| 1. | 42-ാം ഭേദഗതി | A | വകുപ്പ് 21 A | I | ത്രിതലപഞ്ചായത്ത് |
| 2. | 44-ാം ഭേദഗതി | B | XI-ാം പട്ടിക | II | മൗലികകടമകൾ |
| 3. | 73-ാം ഭേദഗതി | C | വകുപ്പ് 300 A | III | വിദ്യാഭ്യാസം മൗലികാവകാശം |
| 4. | 86-ാം ഭേദഗതി | D | ചെറിയ ഭരണഘടന | IV | 1978 |

A) 1 – D, III
2 – C, I
3 – B, II
4 – A, IV

B) 1 – A, II
2 – B, IV
3 – C, I
4 – D, III

C) 1 – C, II
2 – B, IV
3 – A, I
4 – D, III

D) 1 – D, II
2 – C, IV
3 – B, I
4 – A, III

22. താഴെ തന്നിരിക്കുന്നവയിൽ കൺകറന്റ് ലിസ്റ്റിൽ പെട്ടത് ഏതൊക്കെ വിഷയങ്ങളാണ് ?

1. വിദ്യാഭ്യാസം
2. വനങ്ങൾ
3. മായം ചേർക്കൽ
4. തൊഴിലാളി സംഘടന
5. വിവാഹവും വിവാഹമോചനവും
6. ദത്തെടുക്കലും പിന്തുടർച്ചയും

A) 1, 3, 4, 6
B) 1, 2, 3, 4, 5, 6
C) 1, 2, 5, 6
D) 1, 2, 3, 6

23. രാജ്യസഭയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാമാണ് ?

1. രാജ്യസഭയുടെ കാലാവധി 6 വർഷമാണ്.
2. രാജ്യസഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നത് FPTP (ഫസ്റ്റ് – പാസ്റ്റ് – ദി – പോസ്റ്റ് സമ്പ്രദായം) സമ്പ്രദായത്തിലൂടെയാണ്.
3. രാജ്യസഭാംഗമാകണമെങ്കിൽ 35 വയസ്സ് പൂർത്തിയാകണം.
4. രാജ്യസഭയുടെ മറ്റൊരു പേരാണ് ഹൗസ് ഓഫ് ദി പീപ്പിൾ (House of the people).

A) എല്ലാ പ്രസ്താവനകളും ശരിയാണ്
B) 1, 3, 4
C) 1 and 4
D) എല്ലാ പ്രസ്താവനകളും തെറ്റാണ്

24. ഇന്ത്യൻ രാഷ്ട്രപതിയുടെ വിവേചനാധികാരത്തിൽ പെടാത്തത് ഏത്/ഏതൊക്കെ ?

1. ലോകസഭാ തെരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയ പാർട്ടിയ്ക്കും വ്യക്തമായ ഭൂരിപക്ഷം ലഭിച്ചില്ലെങ്കിൽ രാഷ്ട്രപതിയ്ക്ക് പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കാം.
2. മന്ത്രിസഭ നൽകിയ ഉപദേശം പുന:പരിശോധനയ്ക്ക് വേണ്ടി തിരിച്ചയക്കാം.
3. രാഷ്ട്രപതിയുടെ പോക്കറ്റ് വീറ്റോ അധികാരം.
4. രാഷ്ട്രപതിയുടെ ഗവർണറെ നിയമിക്കാനുള്ള അധികാരം.

A) 4 only
B) 3 only
C) 1 and 2
D) 2 and 4

25. ഇന്ത്യൻ രാഷ്ട്രപതി ആംഗ്ലോ-ഇന്ത്യൻ സമൂഹത്തിലെ രണ്ട് അംഗങ്ങളെ ലോകസഭയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന രീതി നിറുത്തലാക്കിയ ഭരണഘടനാ ഭേദഗതി ഏത് ?

A) 101-ാം ഭേദഗതി

B) 104-ാം ഭേദഗതി

C) 105-ാം ഭേദഗതി

D) ഇവയൊന്നുമല്ല

26. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

a. ഇന്ത്യയിലെ, നിയമസഭ, ലോകസഭാ മണ്ഡലങ്ങളുടെ അതിർത്തികൾ പുനർനിർണ്ണയിക്കാൻ അധികാരം ഡീലിമിറ്റേഷൻ കമ്മീഷനാണ്.

b. ഡീലിമിറ്റേഷൻ കമ്മീഷന്റെ ഉത്തരവുകളെ ഒരു കോടതിയിലും ചോദ്യം ചെയ്യാൻ കഴിയില്ല.

c. ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചത് 1951 ലാണ്.

d. ഇതിന്റെ ആസ്ഥാനം ന്യൂഡൽഹിയാണ്.

A) എല്ലാ പ്രസ്താവനകളും തെറ്റാണ്

B) c, d എന്നിവ തെറ്റാണ്

C) എല്ലാ പ്രസ്താവനകളും ശരിയാണ്

D) b മാത്രം

27. ഇന്ത്യൻ ധനകാര്യകമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏത്/ഏതൊക്കെ ?

I. ധനകാര്യകമ്മീഷനുമായി ബന്ധപ്പെട്ട ഭരണഘടനാ വകുപ്പാണ് 280.

II. ഇതിന്റെ കാലാവധി അഞ്ചുവർഷമാണ്.

III. ഇന്ത്യൻ ധനകാര്യ കമ്മീഷന്റെ ആസ്ഥാനം മുംബൈ ആണ്.

IV. Dr. അരവിന്ദ് പനഗരിയയാണ് ഇതിന്റെ ചെയർമാൻ.

A) I, III, IV

B) III and IV

C) IV only

D) I, II, IV

28. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏതല്ലാം ?

i. സ്ത്രീക്കും പുരുഷനും തുല്യവേതനം നൽകണം.

ii. 15 ദിവസത്തിനകം തൊഴിൽ നൽകാത്തപക്ഷം തൊഴിൽ രഹിത വേതനം നൽകണം.

iii. തൊഴിൽ ചെയ്യാൻ സന്നദ്ധരായാൽ അപേക്ഷിച്ച് 15 ദിവസത്തിനകം തദ്ദേശീയ ജോലികൾ നൽകണം.

A) i and iii മാത്രം
B) ii and iii മാത്രം
C) ii and i മാത്രം
D) i, ii and iii ഇവ എല്ലാം

29. 'കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ' (KSSM) നിൽ എത്ര അംഗങ്ങൾ ഉണ്ട് ?

A) 15 അംഗങ്ങൾ
B) 9 അംഗങ്ങൾ
C) 11 അംഗങ്ങൾ
D) 7 അംഗങ്ങൾ

30. താഴെ പറയുന്നവയിൽ എത്ര വയസ്സ് തികഞ്ഞവരെ ആണ് മുതിർന്ന പൗരൻമാരായി കണക്കാക്കുന്നത് ?

A) 56 വയസ്സ്
B) 60 വയസ്സ്
C) 55 വയസ്സ്
D) 58 വയസ്സ്

31. "കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി"യുടെ വൈസ്ചെയർമാൻ ചുമതല വഹിക്കുന്നതാര് ?

A) ചീഫ് സെക്രട്ടറി
B) മുഖ്യമന്ത്രി
C) റവന്യൂ വകുപ്പ് മന്ത്രി
D) തദ്ദേശ വകുപ്പ് മന്ത്രി

32. "ഇന്ത്യൻ മാനുവൽ ഓഫ് പ്ലാന്റ് എക്കോളജി" എന്ന പുസ്തകത്തിന്റെ രചയിതാവ് ആരാണ് ?

i. റാംഡിയോ മിശ്ര

ii. ബിജീഷ് ബാലകൃഷ്ണൻ

iii. ആദർശ് കുമാർ ഗോയൽ

A) i and iii
B) i, ii and iii
C) iii മാത്രം
D) i മാത്രം

A

33. താഴെ പറയുന്നവയിൽ തെറ്റായ പ്രസ്താവനയേത് ?

i. യു. എൻ. ഇ. പി. സ്ഥാപിതമായ വർഷം 1972 ആണ്.

ii. പരിസ്ഥിതി സംഘടനയായ ഗ്രീൻ പീസ് ആരംഭിച്ച വർഷം 1971 ആണ്.

iii. ഗ്രീൻ ക്രോസ് ഇന്റർ നാഷണൽ സ്ഥാപിച്ച വർഷം1995 ആണ്.

A) i മാത്രം

B) ii and iii

C) iii മാത്രം

D) ii and i

34. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏതാണ് ?

i. സാൽമോണെല്ല ടൈഫി പരത്തുന്ന ടൈഫോയിഡ് രോഗികളിൽ രോഗം കാഠിന്യ മേറുന്ന സന്ദർഭങ്ങളിൽ കുടലിൽ ദ്വാരങ്ങൾ കാണപ്പെടുന്നു.

ii. പ്ലാസ്മോഡിയം പരത്തുന്ന മലേറിയ രോഗത്തിൽ വിറയലോടു കൂടിയ ശക്തമായ പനി ലക്ഷണമായി കാണപ്പെടുന്നു.

iii. ഹീമോഫിലസ് ഇൻഫ്ലുവൻസ ഉണ്ടാക്കുന്ന ന്യൂമോണിയ രോഗികളിൽ പനി, ചുമ, നെഞ്ചുവേദന തുടങ്ങിയ ലക്ഷണങ്ങൾ കാണിക്കുന്നു.

A) i and ii

B) iii മാത്രം

C) i, ii and iii

D) iii and ii

35. മനുഷ്യന്റെ പലരീതിയിലുള്ള ഇടപെടലുകൾ ഭീമമായ രീതിയിൽ ജീവികളുടെ വംശനാശനത്തിന് കാരണമാകുന്നുവെന്ന് വെളിവാക്കുന്ന "ആറാം വംശനാശം : ഒരു അസ്വാഭാവിക ചരിത്രം" ("The Sixth Extinction : An Unnatural History") എന്ന പുസ്തകത്തിന്റെ രചയിതാവ് ആരാണ് ?

A) ഡേവിഡ് വാലസ്സ്

B) എലിസബത്ത് കോൾബർട്ട്

C) റാച്ചേൽ കാർസൺ

D) വില്ല്യം മക്ഡോണാൾഡ്

36. ഒരു നിശ്ചിത അളവിൽ $CO_2$ പോലുള്ള ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളാൻ അനുവദിക്കുന്ന ഒരു പെർമിറ്റാണ്

A) കാർബൺ ഫൂട്ട്പ്രിന്റ്

B) കാർബൺ ഓഫ്സെറ്റിംഗ്

C) കാർബൺ ക്രഡിറ്റ്

D) കാർബൺ സെക്യുസ്ട്രേഷൻ

37. കോളേജ് വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തി ആത്മഹത്യ പ്രവണത കുറയ്ക്കുന്നതിനായി കേരളത്തിൽ ആരംഭിച്ച പദ്ധതിയുടെ പേര് ?

A) സ്റ്റൈൽ
B) ഡയൽ എ ഡോക്ടർ
C) സ്വാസ്ഥ്യം
D) ജീവനി

38. ഭൂമിയുടെ ഉപരിതലത്തിൽ നിന്നും ഉയരം കൂടുന്നതനുസരിച്ച് ഗുരുത്വാകർഷണം എങ്ങനെ ?

A) കൂടുന്നു
B) കുറയുന്നു
C) മാറ്റമില്ല
D) ആദ്യം കൂടുന്നു പിന്നീട് കുറയുന്നു

39. ഒരു ഗോളീയ ദർപ്പണത്തിന്റെ വക്രതാദൂരം 15.0 cm ആണ്. അതിന്റെ ഫോക്കസ് ദൂരം

A) 15 cm
B) 1.5 cm
C) 0.075 m
D) 7.5 m

40. എയർക്രാഫ്റ്റ് ലാൻഡിംഗ് ഗിയർ പ്രവർത്തനത്തോട് ബന്ധമില്ലാത്തത് ഏത് ?

A) ഹുക്ക് നിയമം
B) മാലൂസ് നിയമം
C) പാസ്ക്കൽ നിയമം
D) ന്യൂട്ടൺ – മൂന്നാം ചലന നിയമം

41. താഴെ പറയുന്നവയിൽ ഏതാണ് ഇന്ത്യയുടെ സ്പേസ് ഡോക്കിംഗ് നേട്ടം ?

A) ഗഗനയാൻ
B) ചന്ദ്രയാൻ – 4
C) ഗോസ്റ്റ് റൈഡേഴ്സ്
D) സ്പാഡെക്സ്

42. പദാർത്ഥകണികകളുടെ ദ്വൈതസ്വഭാവം ആദ്യമായി നിർദ്ദേശിച്ച ശാസ്ത്രജ്ഞൻ

A) ഐൻസ്റ്റീൻ
B) മാക്സ്‌വെൽ
C) ഡി ബ്രോഗ്ലി
D) ഹെൻറിച്ച് ഹെർട്സ്

43. $[Cu(NH_3)_6]Cl_3$ എന്ന കോർഡിനേഷൻ സംയുക്തത്തിലെ കോപ്പറിന്റെ ഓക്സീകരണാവസ്ഥ എത്ര ?

A) –3
B) +3
C) –6
D) +6

44. താഴെ കൊടുത്തിരിക്കുന്നവയിൽ ലൂയിസ് ബേസ് അല്ലാത്തത് ഏത് ?

A) $H_2O$
B) $NH_3$
C) $CO_2$
D) $OH^-$

45. 2023-ലെ രസതന്ത്ര നൊബേൽ പ്രൈസ് ഏതിന്റെ കണ്ടുപിടിത്തത്തിനായാണ് നൽകപ്പെട്ടത് ?

A) ക്വാണ്ടം വെൽസ്
B) ക്വാണ്ടം ഡോട്സ്
C) ക്വാണ്ടം മെക്കാനിക്സ്
D) ക്വാണ്ടം കംപ്യൂട്ടിംഗ്

46. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

1. ഇന്ത്യയിലെ ആദ്യത്തെ ഇക്കോ ടൂറിസം പദ്ധതി ആരംഭിച്ച തെന്മല കൊല്ലം ജില്ലയിലാണ്.
2. വേലുത്തമ്പി ദളവയുടെ കുണ്ടറ വിളംബരം നടന്നത് കൊല്ലം ജില്ലയിലാണ്.
3. കേരളത്തിലെ ആദ്യത്തെ നീരപ്ലാന്റ് 2015-ൽ കൈപ്പുഴയിൽ ആരംഭിച്ചു.
4. 'നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകം ആദ്യമായി അരങ്ങേറിയത് കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിലാണ്.

A) 1, 2
B) 1, 3
C) 2, 3
D) 2, 4

47. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

1. ഭാരതസർക്കാരിന്റെ ജോഗ്രഫിക്കൽ പേറ്റന്റ് ടാഗ് ആദ്യമായി ലഭിച്ചത് ആറന്മുള കണ്ണാടിക്കാണ്.
2. ജെ. സി. ഡാനിയേൽ അവാർഡ് നേടിയ ആദ്യ വനിത ആറന്മുള പൊന്നമ്മയാണ്.
3. ഒളിമ്പിക്സ് ഫുട്ബോൾ ടീമിൽ അംഗമായ ആദ്യ മലയാളി കായികതാരം തോമസ് മത്തായി വർഗ്ഗീസ് ആണ്.
4. പത്തനംതിട്ടയുടെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്നത് ആറന്മുളയാണ്.

A) 1, 2, 3
B) 1, 2
C) എല്ലാം ശരിയാണ്
D) 1, 3, 4

48. താഴെ പറയുന്ന പ്രസ്താവനകളുമായി ബന്ധപ്പെട്ട വ്യക്തിയെ തിരിച്ചറിയുക.

1. സാരഞ്ജിനി പരിണയം, സുശീല ദുഃഖം എന്നീ നാടകങ്ങൾ രചിച്ചു.
2. 1898 ജനുവരിയിൽ കോഴിക്കോട് ബ്രഹ്മസമാജത്തിന്റെ ശാഖ സ്ഥാപിച്ചു.
3. റാവു സാഹിബ് എന്ന സ്ഥാനപ്പേര് ലഭിച്ചു.
4. ദേവേന്ദ്ര നാഥ ടാഗോറിന്റെ 'ബ്രഹ്മധർമ്മ' മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി.

A) പി. കെ. ബാവ
B) പി. കെ. ചാത്തൻ മാസ്റ്റർ
C) അയ്യത്താൻ ഗോപാലൻ
D) ഇവരാരുമല്ല

49. ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റു (പുരുഷന്മാർ)മായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവനകൾ കണ്ടെത്തുക.

1. 2002, 2013, 2025 എന്നീ വർഷങ്ങളിൽ ഇന്ത്യ ജേതാക്കൾ ആയി.
2. ഇന്ത്യയെ പോലെ മൂന്നുതവണ കിരീടം നേടിയ മറ്റൊരു ടീം ഓസ്ട്രേലിയ ആണ്.
3. സൗത്ത് ആഫ്രിക്ക ഒരിക്കൽ പോലും കിരീടം നേടിയിട്ടില്ല.
4. ന്യൂസിലാൻഡ് കിരീടം നേടിയ വർഷം 2000 ആണ്.

A) 1, 2
B) 2, 3
C) 3, 4
D) 1, 4

50. താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക.

1. അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി അദ്ധ്യക്ഷയായി തെരഞ്ഞെടുക്കപ്പെട്ട ആദ്യ വനിതയാണ് ക്രിസ്റ്റി കവൻട്രി.
2. അവരുടെ ജന്മദേശം നമീബിയ ആണ്.
3. ഈ പദവിയിൽ എത്തുന്ന ആദ്യ ആഫ്രിക്കൻ വംശജയാണ്.
4. മുൻ ഒളിമ്പിക്സ് ബാഡ്മിന്റൺ താരമാണ് ക്രിസ്റ്റി കവൻട്രി.

A) 1, 3
B) 1, 2
C) 2, 4
D) എല്ലാം ശരിയാണ്

A

51. $\frac{1 + 3 + 5 + \ldots\ldots n \text{ പദങ്ങൾ}}{1 + 2 + 3 + \ldots\ldots n \text{ പദങ്ങൾ}} = \frac{12}{7}$ ആയാൽ n-ന്റെ വില എത്ര ?

A) 4
B) 6
C) 12
D) 7

52. ഒരാൾ ഒരു ഡസൻ ബാഗുകൾ 4,920 രൂപക്ക് വിറ്റപ്പോൾ 18% നഷ്ടമുണ്ടായി. 15% ലാഭം അയാൾക്ക് കിട്ടണമെങ്കിൽ ഓരോ ബാഗും എത്ര രൂപക്ക് വിൽക്കണം ?

A) 575 രൂപ
B) 500 രൂപ
C) 550 രൂപ
D) 600 രൂപ

53. $\frac{10^x \times 4}{5^x} = 2^8$ ആയാൽ x-ന്റെ വില എത്ര ?

A) 4
B) 2
C) 3
D) 6

54. രാജുവിന് ഒരു പരീക്ഷക്ക് 455 മാർക്ക് കിട്ടി. ഇത് ആകെ മാർക്കിന്റെ 91% ആയാൽ ആകെ മാർക്ക് എത്ര ?

A) 550
B) 500
C) 600
D) 650

55. സാമാന്തരികം ABCD-ൽ AB, AD എന്നീ വശങ്ങളിലേക്കുള്ള ലംബങ്ങൾ യഥാക്രമം 5 cm, 20 cm ഉം ആണ്. സാമാന്തരികത്തിന്റെ വിസ്തീർണ്ണം 160 $cm^2$ ആയാൽ അതിന്റെ ചുറ്റളവ് എത്ര ?

A) 100 cm
B) 90 cm
C) 80 cm
D) 120 cm

56. ഒറ്റയാനെ കണ്ടെത്തുക.

8, 27, 64, 100, 125, 216, 343

A) 27 B) 100 C) 125 D) 343

57. 2018 ജനുവരി 1 തിങ്കൾ ആയാൽ 2022 ജനുവരി 1 ഏതു ദിവസം ?

A) തിങ്കൾ B) ഞായർ C) ശനി D) വെള്ളി

58. വിട്ടുപോയ സംഖ്യ കണ്ടെത്തുക.

3, 7, 16, 35, 74, ______

A) 153 B) 150

C) 151 D) 155

59. '+' എന്നത് '×' നെയും '–' എന്നത് '÷' നെയും, '×' എന്നത് '–' നെയും, '÷' എന്നത് '+' നെയും സൂചിപ്പിക്കുന്നുവെങ്കിൽ 25 + 5 ÷ 900 – 90 × 100-ന്റെ വില എത്ര ?

A) 235 B) 35

C) 215 D) 12.5

60. ഒരു പ്രത്യേക കോഡ് ഭാഷയിൽ 'CAT' എന്നത് 9 ആയും 'DEER' എന്നത് 11 ആയും കോഡ് ചെയ്തിരിക്കുന്നു. എന്നാൽ ഈ കോഡ് ഭാഷയിൽ 'ELEPHANT' എന്നത് എങ്ങനെ രേഖപ്പെടുത്തും ?

A) 10 B) 16

C) 18 D) 19

A

61. The quality of the oranges ________ not satisfactory.

A) was B) were C) have been D) are

62. He ____________ 10 years of service by next March.

A) will be completing B) will complete

C) will have been completing D) shall complete

63. None of us played the game well,

A) didn't we ? B) did us ? C) don't they ? D) did we ?

64. If you had reached the venue at the right time, you ______ the Chief Guest.

A) could have met B) could met

C) could have meet D) will meet

65. Teacher could not __________ beating the student for his misbehaviour.

A) keep down B) keep from C) keep back D) keep away

66. The correctly spelt word is

A) Momento B) Memanto C) Memento D) Momanto

67. The court observed the agreement null and void. Here 'null and void' means

A) Operative B) Invalid C) Authentic D) Legitimate

68. Pick out the word for a person who does not believe in and is strongly against accepted ideas, traditions, images etc.

A) Iconoclast B) Autocrat C) Diplomat D) Agnostic

69. Change into reported speech.

He said, "will you listen to such an advice ?"

A) He asked whether they would have listened to such an advice

B) He asked whether they would listened to such an advice

C) He asked whether they had listened to such an advice

D) He asked whether they would listen to such an advice

70. Expand "UPI".

A) Unified Payments Interface B) United Powered Institution

C) Unified Programme Implementation D) United Payments Investment

71. 'അവൻ' എന്ന പദം പിരിച്ചെഴുതുക.
A) അവ + ൻ
B) അ + വൻ
C) അ + അൻ
D) അ + ൻ

72. ആദേശസന്ധിയ്ക്ക് ഉദാഹരണമാണ്
A) പച്ച + കുതിര – പച്ചക്കുതിര
B) വിൺ + തലം – വിണ്ടലം
C) പന + ഓല – പനയോല
D) കേട്ടു + ഇല്ല – കേട്ടില്ല

73. Archetype എന്നതിന്റെ മലയാളം
A) മൂലധനം
B) കൊലയാളി
C) ജീവചരിത്രം
D) ആദിപ്രരൂപം

74. 'ചെല്ലം പെരുത്താൽ ചിതലരിക്കും' എന്ന പ്രയോഗത്തിന്റെ അർത്ഥമെന്ത് ?
A) അതിവാത്സല്യം അപകടകാരിയാണ്
B) മറ്റുള്ളവരെ വിശ്വസിക്കരുത്
C) പണം തന്നെ പ്രധാനം
D) വിദ്യാധനം ഏറ്റവും വലിയ സമ്പത്ത്

75. ഒറ്റപ്പദം കണ്ടെത്തി എഴുതുക – 'തിതീർഷ'
A) മാർഗ്ഗം തെളിയിക്കുന്നയാൾ
B) കുടിക്കാൻ ആഗ്രഹിക്കുന്നയാൾ
C) അപവാദം പറയുന്നയാൾ
D) തരണം ചെയ്യാനുള്ള ഇച്ഛ

76. ചുവടെ കൊടുത്തിട്ടുള്ളവയിൽ കൂട്ടത്തിൽ പെടാത്തത് ഏത് ?
A) ജംഗമം – സ്ഥാവരം
B) വ്യഷ്ടി – സമഷ്ടി
C) മണ്ഡനം – ഖണ്ഡനം
D) ഉഗ്രം – അത്യുഗ്രം

77. കുതിരയുടെ പര്യായമല്ലാത്തത് ഏത് ?
A) നഗജം
B) ഹയം
C) ഘോടകം
D) വീതി

78. കൂട്ടത്തിൽ പെടാത്തത് കണ്ടെത്തുക.
A) നായകൻ – നായകി
B) തപസ്വി – തപസ്വിനി
C) ശ്വശുരൻ – ശ്വശ്രു
D) ഉപാദ്ധ്യായൻ – ഉപാധ്യായി

79. പൂജകബഹുവചനത്തിന് ഉദാഹരണമേത് ?
A) മിടുക്കർ
B) വൈദ്യർ
C) സ്ത്രീകൾ
D) നദികൾ

80. 'കരണി പ്രസവം' എന്ന ശൈലിയുടെ അർത്ഥമെന്ത് ?
A) ആവർത്തിച്ചുള്ള പ്രസവം
B) കാലം തെറ്റിയ പ്രസവം
C) കരടിയുടെ പ്രസവം
D) അപൂർവ്വമായ സംഭവം

81. അബ്കാരി നിയമ പ്രകാരം

A) 21 വയസ്സു തികഞ്ഞ ഒരു വ്യക്തി മദ്യം ഉപയോഗിക്കുന്നത് കുറ്റകരമല്ല

B) 20 വയസ്സു തികഞ്ഞ ഒരു വ്യക്തി മദ്യം ഉപയോഗിക്കുന്നത് കുറ്റകരമല്ല

C) 23 വയസ്സു തികഞ്ഞ ഒരു വ്യക്തി മദ്യം ഉപയോഗിക്കുന്നത് കുറ്റകരമല്ല

D) 18 വയസ്സു തികഞ്ഞ ഒരു വ്യക്തി മദ്യം ഉപയോഗിക്കുന്നത് കുറ്റകരമല്ല

82. ENA-യുടെ പൂർണ്ണ നാമം

A) External Neutral Alcohol (എക്സ്റ്റെണൽ ന്യൂട്രൽ ആൽക്കഹോൾ)

B) Extra Neutral Alcohol (എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ)

C) Extra Natural Alcohol (എക്സ്ട്രാ നാച്ചുറൽ ആൽക്കഹോൾ)

D) Extra Nutritional Alcohol (എക്സ്ട്രാ ന്യൂട്രീഷണൽ ആൽക്കഹോൾ)

83. NDPS നിയമ പ്രകാരം താഴെ പറയുന്നതിൽ ശരിയായ പ്രസ്താവന ഏത് ?

A) കേരളത്തിൽ കഞ്ചാവ് കൈവശം വയ്ക്കുന്നതിന് ഒരു വ്യക്തിക്ക് 18 വയസ് തികയണം

B) കേരളത്തിൽ കഞ്ചാവ് കൈവശം വയ്ക്കുന്നതിന് ഒരു വ്യക്തിക്ക് 21 വയസ് തികയണം

C) കേരളത്തിൽ ആർക്കും കഞ്ചാവ് കൈവശം വയ്ക്കാം

D) കേരളത്തിൽ കഞ്ചാവ് കൈവശം വയ്ക്കുന്നത് കുറ്റകരമാണ്

84. 'Gauging' (ഗേജിങ്) എന്നത്

A) ഡിസ്റ്റിലറികളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും കണക്കാക്കുന്നത്

B) ഡിസ്റ്റിലറികളിൽ നിർമ്മിക്കുന്ന സ്പിരിറ്റിന്റെ വീര്യം കണ്ടെത്തുന്നത്

C) ഡിസ്റ്റിലറികളിൽ സ്പിരിറ്റ് സൂക്ഷിക്കുന്ന പാത്രങ്ങളുടെ അളവ് കണക്കാക്കുന്നത്

D) ഡിസ്റ്റിലറികളിൽ ഉപയോഗിക്കുന്ന വെള്ളത്തിന്റെ ശുദ്ധത കാണുന്നത്

85. NDPS നിയമ പ്രകാരം മജിസ്ട്രേറ്റിന്റെയോ ഗസറ്റഡ് ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ അല്ലാതെ, മയക്കുമരുന്ന് കൈവശം സൂക്ഷിച്ചിരുന്ന ഒരാളുടെ ദേഹപരിശോധന നടത്തുകയാണെങ്കിൽ, ദേഹപരിശോധന കഴിഞ്ഞ് എത്ര മണിക്കൂറിനുള്ളിൽ ആയതിന്റെ റിപ്പോർട്ട് ദേഹപരിശോധന നടത്തിയ ഉദ്യോഗസ്ഥൻ തന്റെ തൊട്ടു മുകളിലുള്ള മേലുദ്യോഗസ്ഥന് നൽകണം ?

A) 48 മണിക്കൂർ

B) 72 മണിക്കൂർ

C) 24 മണിക്കൂർ

D) 12 മണിക്കൂർ

86. അബ്കാരി നിയമ പ്രകാരം ഒരു വ്യക്തിക്ക് എത്ര ലിറ്റർ ചാരായം കൈവശം വയ്ക്കാം ?

A) 1.5 ലിറ്റർ

B) 3 ലിറ്റർ

C) 3.5 ലിറ്റർ

D) ചാരായം കൈവശം വയ്ക്കുന്നത് കുറ്റകരമാണ്

87. ഒരാൾ തന്റെ സുഹൃത്തിന്റെ ജന്മദിനത്തിന് അംഗീകൃത മദ്യഷോപ്പിൽ നിന്നും ഒരു കുപ്പി മദ്യം വാങ്ങി സുഹൃത്തിന് സമ്മാനമായി നൽകി. അബ്കാരി നിയമ പ്രകാരം താഴെ പറയുന്നതിൽ ശരിയായ പ്രസ്താവന

i. സർക്കാർ അംഗീകൃത മദ്യ ഷോപ്പിൽ നിന്നും മദ്യം വാങ്ങി സമ്മാനമായി നൽകുന്നത് കുറ്റകരമല്ല.

ii. ഏതു മദ്യവും സമ്മാനമായി നൽകാം.

iii. മദ്യം സമ്മാനമായി നല്കാൻ പാടില്ല.

iv. മദ്യം സമ്മാനമായി നൽകിയ ആളുടെ പേരിൽ കേസെടുക്കാം.

A) i മാത്രം

B) iii മാത്രം

C) iii, iv മാത്രം

D) i, ii മാത്രം

88. കേരളത്തിൽ മദ്യ ഷോപ്പുകൾ അടച്ചിടുന്ന ദിവസം

i. മഹാത്മാഗാന്ധി ജയന്തി ദിനം

ii. ശ്രീ നാരായണഗുരു ജയന്തി ദിനം

iii. ശ്രീ നാരായണഗുരു സമാധി ദിനം

iv. മഹാത്മാഗാന്ധി ചരമ ദിനം

A) മുകളിൽ പറഞ്ഞവയെല്ലാം (i, ii, iii, iv)

B) i, iv മാത്രം

C) ii, iii മാത്രം

D) i, ii മാത്രം

89. ഡിസ്റ്റിലറികളിൽ സ്പിരിറ്റ് മറ്റു സ്പിരിറ്റുകളുമായി കലർത്തുന്നതിനെ അറിയപ്പെടുന്നത്

A) Compounding (കോമ്പൗണ്ടിങ്)

B) Reducing (റെഡ്യൂസിങ്)

C) Blending (ബ്ലെൻഡിങ്)

D) Fortification (ഫോർട്ടിഫിക്കേഷൻ)

90. 1953-ലെ വിദേശമദ്യ ചട്ട പ്രകാരം എക്സൈസ് കമ്മീഷണർ അനുവദിക്കുന്ന സ്പെഷ്യൽ ലൈസൻസ് ആയ FL-6 ലൈസൻസ്-ന്റെ നിലവിലെ ലൈസൻസ് ഫീസ് എത്രയാണ് ?

A) 51,500/-രൂപ

B) 50,000/-രൂപ

C) 52,500/-രൂപ

D) 50,500/-രൂപ

91. കേരളത്തിൽ വിൽപ്പനക്ക് അനുവദനീയമായ ഇന്ത്യൻ നിർമ്മിത വിദേശ മദ്യമായ "ജിൻ" എന്ന മദ്യത്തിൽ അടങ്ങിയിരിക്കുന്ന ആൽക്കഹോളിന്റെ വീര്യം എത്രയാണ് ?

A) 35 UP

B) 25 UP

C) 30 UP

D) 42 UP

92. കേരളത്തിലെ മറ്റ് വിദേശ മദ്യ ലൈസൻസികൾക്ക് വിദേശ മദ്യം മൊത്തവിൽപ്പന (ഹോൾസെയിൽ) നടത്തുന്നതിനായി അനുവദിക്കുന്ന ലൈസൻസ് ഏതാണ് ?

A) FL-3-ലൈസൻസ്
B) FL-1-ലൈസൻസ്
C) FL-11-ലൈസൻസ്
D) FL-9-ലൈസൻസ്

93. COTPA ആക്ടിലെ ഏതു വകുപ്പ് പ്രകാരമാണ് പൊതു സ്ഥലങ്ങളിൽ പുകവലിക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത് ?

A) വകുപ്പ് 6
B) വകുപ്പ് 7
C) വകുപ്പ് 4
D) വകുപ്പ് 22

94. COTPA ആക്ട് പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർദ്ദിഷ്ട ദൂരപരിധിക്കുള്ളിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിച്ചിട്ടുണ്ട്. അപ്രകാരമുള്ള ദൂരപരിധി എത്രയാണ് ?

A) 100 യാർഡ്
B) 100 മീറ്റർ
C) 90 മീറ്റർ
D) 100 അടി

95. ഇന്ത്യയിൽ പുകയില ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള കുറഞ്ഞ പ്രായപരിധി എത്രയാണ് ?

A) 21 വയസ്
B) 23 വയസ്
C) 16 വയസ്
D) 18 വയസ്

96. കേരള സംസ്ഥാന സർക്കാർ രൂപീകരിച്ച ലഹരി വർജ്ജന മിഷൻ ആയ വിമുക്തി മിഷന്റെ ഗവേണിംഗ് ബോഡിയുടെ ചെയർമാൻ ആരാണ് ?

A) മുഖ്യമന്ത്രി
B) എക്സൈസ് വകുപ്പ് മന്ത്രി
C) എക്സൈസ് കമ്മിഷണർ
D) നികുതി വകുപ്പ് സെക്രട്ടറി

97. വിമുക്തി മിഷന്റെ സൗജന്യ കൗൺസിലിംഗിനായി ഏർപ്പെടുത്തിയിട്ടുള്ള ടോൾഫ്രീ നമ്പർ ഏതാണ് ?

A) 12305
B) 18005
C) 14405
D) 14005

98. കേരള സംസ്ഥാന സർക്കാർ ലഹരി വർജ്ജന മിഷൻ ആയ വിമുക്തി രൂപീകരിച്ചത് ഏത് വർഷം ?

A) 2021
B) 2016
C) 2011
D) 2000

99. 2000-ലെ വിവര സാങ്കേതിക നിയമം പ്രകാരം ഒരു വ്യക്തിയുടെ സമ്മതമില്ലാതെ അയാളുടെ സ്വകാര്യ മേഖലയുടെ ചിത്രം മന:പൂർവ്വമോ ബോധപൂർവ്വമോ പകർത്തുകയോ, പ്രസിദ്ധീകരിക്കുകയോ, പ്രക്ഷേപണം ചെയ്യുകയോ ചെയ്താൽ ലഭിക്കാവുന്ന ശിക്ഷ ഏത് ?

A) മൂന്നു വർഷം വരെ തടവോ രണ്ടു ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ
B) ഏഴു വർഷം വരെ തടവോ അഞ്ചു ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ
C) രണ്ടു വർഷം വരെ തടവോ ഒരു ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ
D) മുകളിൽ പറഞ്ഞിരിക്കുന്നത് ഒന്നുമല്ല

100. 2000-ലെ വിവര സാങ്കേതിക നിയമം പ്രകാരം ഒരാൾ മറ്റേതെങ്കിലും വ്യക്തിയുടെ ഇലക്ട്രോണിക് ഒപ്പ്, പാസ്‌വേഡ് അല്ലെങ്കിൽ മറ്റേതെങ്കിലും അനന്യമായ തിരിച്ചറിയൽ സവിശേഷത വഞ്ചന പരമായോ സത്യസന്ധതയില്ലാതെയോ ഉപയോഗിക്കുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷ ഏത് ?

A) അഞ്ചു വർഷം വരെ തടവും രണ്ടു ലക്ഷം രൂപ വരെ പിഴയും
B) രണ്ടു വർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും
C) മൂന്നു വർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും
D) ഒരു വർഷം വരെ തടവും രണ്ടു ലക്ഷം രൂപ വരെ പിഴയും